**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5588** **24-03-2025 - ൽ മറുപടിയ്ക്ക്**

**കേരളത്തെ ആരോഗ്യമേഖലയുടെ ഹബ്ബാക്കി മാറ്റുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ ആരോഗ്യമേഖലയുടെ ഹബ്ബ് ആക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | കേരളത്തിന്റെ പ്രകൃതിഭംഗിയും അനുകൂല കാലാവസ്ഥയും ആയുർവ്വേദ ചികിത്സയും ആധുനിക ചികിത്സാ സൗകര്യങ്ങളും വിദഗ്ധരായ ഡോക്ടർമാരുടെ സേവനവും മെഡിക്കൽ ടൂറിസത്തിന് വളരെയധികം സാധ്യതകൾ നൽകുന്നു. താരതമ്യേന കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ ലഭ്യമാക്കാൻ സാധിക്കുന്നു എന്നത് വിദേശികളെ ആകർഷിക്കുമെന്നതിനാൽ ആഗോള തലത്തിൽ തന്നെ വലിയ സ്വീകാര്യതയും, ആകർഷകത്വവും ഉള്ള ആയുർവ്വേദം, യോഗ, നാച്ചുറോപ്പതി, യുനാനി, സിദ്ധ, ഹോമിയോപതി എന്നിവയുടെ സാധ്യതകളും ആധുനിക വൈദ്യശാസ്ത്രത്തിന്റെ സാധ്യതകളെയും ഉൾപ്പെടുത്തി സംസ്ഥാനത്തെ ഒരു 'ഹെൽത്ത് ഹബ്ബ്' ആക്കുക എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലും, എറണാകുളം ജനറൽ ആശുപത്രിയിലും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ ആശുപത്രികളിൽ ഹെൽത്ത് ഹബ്ബ് തുടങ്ങുന്നതിനായി പേ വാർഡുകൾ നവീകരിച്ച്, ഭൗതിക സാഹചര്യങ്ങൾക്കൂടി മെച്ചപ്പെടുത്തി ഹെൽത്ത് ഹബ്ബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്.<br><br>ഇതുകൂടാതെ ആയുഷ് മേഖലയിൽ നിന്നും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആയുർവ്വേദ ആൻഡ് റിസർച്ച് (കെ.ഐ.എസ്.എ.ആർ) തൃശ്ശൂർ, വർക്കല സർക്കാർ യോഗ ആൻഡ് നാച്ചുറോപ്പതി ആശുപത്രി, തിരുവനന്തപുരം പൂജപ്പുരയിലുള്ള പഞ്ചകർമ്മ |

| | | | |
|---|---|---|---|
| | | | ആശുപത്രി എന്നിവയെയും ഹെൽത്ത് ഹബ്ബിന്റെ ഭാഗമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ